# “നല്ല അംശം”

## ലൂക്കോസ് 10:41–42

‘‘കർത്താവു അവളോടു: ‘മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. എന്നാൽ അല്പമേ വേണ്ടു; അല്ല, ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അതു ആരും അവളോടു അപഹരിക്കയുമില്ല.’’

നാം ഇവിടെ കാണുന്നത്, ഒലിവുമലയ്ക്കു അടുത്തായി സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമായ ബഥാന്യയിലെ രണ്ടു സഹോദരിമാർ – മാർത്തയും മറിയയും. രണ്ടുപേരും കർത്താവിനെ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരും ആയിരുന്നു. എന്നാൽ രണ്ടു പേരും വ്യത്യസ്ഥ സ്വഭാവമുള്ളവർ, മാർത്ത പലതിനെച്ചൊല്ലി വിചാരപ്പെടുന്നു, മനം കലങ്ങിയുമിരിക്കുന്നു. ഹൃദയങ്ങളെ അറിയുന്നവനായ കർത്താവ് പേർ ചൊല്ലി വിളിക്കയാണ്, മാർത്തയെ, മാർത്തയെ എന്ന്. നീ പലതിനെച്ചൊല്ലി വിചാരപ്പെടാതെ. ആകുലപ്പെടാതെ ഇരിക്കുക. നോക്കൂ, മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു, ലോകത്തിന് അപഹരിക്കാൻ കഴിയാത്ത നല്ല അംശം!

അതുപോലെ നമുക്ക് അറിയാം, ഹോശന്നാ എന്ന മഹൽസംഭവം. അന്നു പകൽ മുഴുവൻ ധാരാളം പേർ ഹോശന്നാ വിളിച്ചു. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് പട്ടണം എല്ലാം ആർത്തുവിളിച്ചു. നേരം വൈകി. യേശുവിനു തല ചായ്പ്പാൻ യരുശലേം നഗരത്തിൽ ഒരിടം ഇല്ല. ആരും തങ്ങളുടെ ഭവനത്തിലേക്കു ക്ഷണിച്ചിട്ടും ഇല്ല. അതുകൊണ്ട് അവൻ ഇതാ ബഥാന്യയിലേക്കു കടന്നു പോകുന്നു. ബഥാന്യ അവനായി ഒരുങ്ങിയിരിക്കുന്നു.

നമുക്കു നമ്മുടെ ജീവിതങ്ങളെ ഒന്നു ശോധന ചെയ്തു നോക്കാം. ഞാൻ മാർത്തയോ അതോ മറിയയോ? നാം പലപ്പോഴും ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ നമ്മുടെ മനസ്സ് പല പ്രശ്നങ്ങളെ ഓർത്ത് ഭാരപ്പെട്ട്, വിഷമിച്ച് ഇരിക്കും. നമുക്ക് ഒന്നിലും ശ്രദ്ധിക്കാൻ സാദ്ധ്യമല്ലാത്ത അവസ്ഥ. കർത്താവ് നമ്മുടെ ഹൃദയങ്ങളെ ശോധന ചെയ്യുന്നു. നമ്മെ പേർ ചൊല്ലി വിളിക്കുന്നു. മകനെ, മകളെ എന്ന്. നീ എന്തിനു ഭാരപ്പെടുന്നു? നീ എന്തിനു ചഞ്ചലപ്പെടുന്നു? നിന്റെ മനസ്സിനെ ഒന്നു ശാന്തമാക്കി യേശുവിന്റെ വചനം ശ്രദ്ധിക്കുക. നാം ഓരോരുത്തർക്കും മറിയയെപ്പോലെ നല്ല അംശം തിരഞ്ഞെടുക്കുവാൻ കഴിയണം, കർത്താവുമായിട്ടുള്ള ആ കൂട്ടായ്മക്ക് സമയം കണ്ടെത്തണം.

നാം എല്ലാവരും പറയുന്ന ഒരു കാര്യമാണ്, ഒന്നിനും സമയമില്ല, പ്രത്യേകിച്ച് സ്ത്രീകൾ. വീട്ടിൽ എന്തെല്ലാം കാര്യങ്ങൾ, കുഞ്ഞുങ്ങളുടെ കാര്യങ്ങൾ, ജോലി. പിന്നെ എവിടെ സമയം? ഞാൻ ജോലിക്കു പോകുമ്പോൾ എന്റെ സഹയാത്രികയായ ഒരു ബാങ്ക് ഉദ്യോഗസ്ഥ ഉണ്ടായിരുന്നു. യാത്രയ്ക്കിടയിൽ എന്നോടു പറയുമായിരുന്നു, ജോലി കഴിഞ്ഞ് വൈകുന്നേരം 7.30 ആകും വീട്ടിൽ എത്തിച്ചേരുവാൻ. കാപ്പിയൊക്കെ കുടിച്ച്, കുടുംബമായിട്ട് ഏതാനും നിമിഷം ചിലവഴിച്ചശേഷം കുളിക്കാൻ പോകും. പെട്ടെന്ന് കുളി കഴിഞ്ഞ് ഇറങ്ങി വരികയില്ല, അവിടെയിരുന്ന് കർത്താവിനോട് ഞാൻ പ്രർത്ഥിക്കും, സംസാരിക്കും എന്ന്. അവിടെ ആകുമ്പോൾ മറ്റു പ്രശ്നങ്ങൾ ഒന്നുമില്ല, വീട്ടിലുള്ള ആരും തന്നെ ശല്യപ്പെടുത്തുകയില്ല, സ്വസ്ഥമായി കുറച്ചു സമയം ഇരിക്കാമല്ലോ എന്ന്. എന്നെ അത് വളരെ അത്ഭുതപ്പെടുത്തുകയുണ്ടായി.

തീർച്ചയായും, നാം കർത്താവുമായിട്ടു ചിലവഴിപ്പാൻ, സംസാരിക്കുവാൻ ഒരു ശാന്തമായ സമയം കണ്ടെത്തണം, അത് ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമായി കാണണം.

അതുപോലെ നമ്മുടെ ഭവനം, നമ്മുടെ ഹൃദയം യേശുവിനെ സ്വീകരിപ്പാൻ ഒരുക്കമുള്ളതാണോ? നാം പരസ്യമായി വലിയ വിശ്വാസി, സുവിശേഷ കാര്യങ്ങളിൽ മുൻപന്തിയിൽ, സമൂഹത്തിൽ വലിയ പദവി അലങ്കരിക്കുന്നവർ. എന്നാൽ രഹസ്യമായി നമുക്ക് കർത്താവുമായുള്ള ബന്ധം എപ്രകാരം? അവന്റെ മുമ്പിൽ നമുക്കു ഒന്നും മറച്ചുവെയ്ക്കാൻ സാദ്ധ്യമല്ല. നാം യഥാർത്ഥമായി കർത്താവിനെ സ്നേഹിക്കുമെങ്കിൽ, തീർച്ചയായും അവൻ നമ്മുടെ ഭവനത്തിൽ വരും, രാത്രി നമ്മോടൊത്ത് സന്തോഷത്തോടെ കഴിച്ചുകൂട്ടും. ആ ഒരു അനുഭവം നമുക്ക് എല്ലാവർക്കും ഉണ്ടാകട്ടെ!

പരാമർശം :

യോശുവ 24:15

ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും.

## സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 013